## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1967

07.03.2017-ൽ മറുപടിയ്ക്ക്

### ഹെൽമറ്റ് ധരിക്കാത്ത യാത്രക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.വി.ഇബ്രാഹിം | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ദിവസം മുതൽ 20.02.2017 വരെ രോഗികളടക്കമുള്ള ഹെൽമറ്റ് ധരിക്കാത്ത ടൂവീലർ യാത്രക്കാരിൽ നിന്ന് എത്ര തുക ആഭ്യന്തര വകുപ്പ് പിഴ ഇനത്തിൽ ഈടാക്കി ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 20.02.2017 വരെ ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്ത ടൂ വീലർ യാത്രക്കാരിൽ നിന്നും 18,46,47,200 (പതിനെട്ട് കോടി നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി ഇരുന്നൂറ് ) രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയുള്ള യാത്ര നിയമവിരുദ്ധമായതിനാൽ നിയമപരമായ പിഴ ഒടുക്കേണ്ടതാണ്. ഹെൽമറ്റ് ധരിക്കാതെ യാത്ര ചെയ്യുന്ന രോഗികളായവരെ തെരഞ്ഞുപിടിച്ച് പിഴ ഈടാക്കുന്ന നടപടി പോലീസ് സ്വീകരിച്ചു വരുന്നില്ല. |

| | | | |
|---|---|---|---|
| (ബി) | ഈ ഇനത്തിലെ ബലാത്ക്കാരമായ പിരിവിനിടയിൽ എത്ര അപകടങ്ങൾ ഉണ്ടായി; എത്ര പേർ മരണപ്പെട്ടു ; എത്രപേർക്ക് പരിക്കേറ്റു ; | (ബി) | ബലാത്ക്കാരമായി പിഴ ഈടാക്കുകയോ അപ്രകാരം അപകടം വരുത്തിയതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ ഇനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിഴയായി എത്ര തുക പിരിച്ചെടുത്തു ; | (സി) | 78,18,42,700/- (എഴുപത്തിയെട്ട് കോടി പതിനെട്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി എഴുന്നൂറ് ) രൂപ പിഴയിനത്തിൽ പിരിച്ചെടുത്തു. |
| (ഡി) | വൃദ്ധയും രോഗികളുമായവരിൽ നിന്നു പോലും പിഴ ചുമത്തുന്ന കാര്യത്തിൽ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഉദ്യോഗസ്ഥർ സർക്കാരിന്റെ പൂർണ്ണ പിന്തുണയോടെ കടുത്ത മത്സരം നടത്തുന്നതുകാരണം പിരിവ് സർവ്വകാല റെക്കോർഡ് തലത്തിലെത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ